ഉത്തരം

ഈ പാലത്തിന്റെ കേടുപാടുകൾ തീർക്കുവാൻ ആവശ്യമായ നടപടികൾ എടുത്തുകഴിഞ്ഞു. ഈ പാലം പുതുക്കി പണിയുന്നകാര്യം ബഡ്ജറ്റിൽ വക കൊള്ളിച്ചശേഷംമാത്രമേ പരിഗണിക്കുകയുള്ളൂ.

കല്ലുമടപ്പാലം

45 [78] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം-ഒളശ്ശ റോഡിലെ കല്ലുമടപ്പാലം പുതുക്കിപ്പണിയുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ട് വർഷങ്ങൾ പലതുകഴിഞ്ഞിട്ടും പാലം പണി ആരംഭിക്കാത്തതിന്റെ കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പാലം ഈ സാമ്പത്തിക വർഷമെങ്കിലും പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) ഈ പാലംപണിക്ക് 10,46,000 രൂപയുടെ എസ്റ്റിമേറ്റിന് ഈ വർഷം ജൂണിൽ അനുമതി നൽകുകയുണ്ടായി. ഈ വർഷത്തിൽത്തന്നെ പണി തുടങ്ങത്തക്കവിധം നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

നീലിമംഗലം പാലം

46 [79] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കോട്ടയത്ത് എം. സി. റോഡിലുള്ള നീലിമംഗലം പാലത്തിന്റെ പണി ഉടനടി ആരംഭിക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

ഈ പാലം പണിയുടെ സാങ്കേതികാനുമതി 30-8-1979-ൽ നൽകുകയുണ്ടായി. ഇതിന്റെ പണി ടെൻഡർ ചെയ്യുവാൻ നടപടികളെടുത്തുവരുന്നു.

കോട്ടയം മെഡിക്കൽകോളേജ് റോഡ്

47 [80] ശ്രീ. പി. ബി. ആർ. പിള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽകോളേജ് റോഡ് വീതികൂട്ടി വലുതാക്കുന്നതു സംബന്ധിച്ച നടപടി ഏതു സ്റ്റേജിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ലാൻറ് അക്വിസിഷൻ നടപടി ആരംഭിക്കാൻ എന്താണ് തടസ്സം;

(സി) ഇത് എത്രയുംവേഗം പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly